15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 476 | 17-09-2025 - ൽ മറുപടിയ്ക്ക്

ആലത്തൂർ നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ കിഫ്‌ബി മുഖേന അനുവദിച്ചിട്ടുള്ള കണ്ണാടി - പന്നിയോട് റോഡ് നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (എ) | 01.11.2016-ലെ G.O(Rt)No. 1502/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ച ആലത്തൂർ നിയോജക മണ്ഡലത്തിലെ കണ്ണാടി പന്നിക്കോട് റോഡ് പ്രവൃത്തിക്ക് കിഫ്ബി 28.05.2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 24.09 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. 21.82 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി 01/01/2022-ലെ G.O (Rt) No. 14/2022/RD ഉത്തരവ് പ്രകാരം റവന്യൂ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. പിന്നീട് 30/01/2024-ലെ PWD004-121-MISC-01 നമ്പർ കത്ത് പ്രകാരം സ്ഥലമേറ്റെടുപ്പ് നടപടികൾ മാത്രം കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിന് തീരുമാനമായിട്ടുള്ളതും അതനുസരിച്ച് റവന്യൂ വകുപ്പ് റോഡിന്റെ അതിർത്തി നിർണയിച്ച് തരികയും അലൈമെന്റ് പ്രകാരമുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സൈറ്റിൽ പൂർത്തീകരിക്കുകയും ചെയ്തു. 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള പ്രക്രിയ നിലവിൽ പുരോഗമിച്ച് വരുന്നതായി നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. റവന്യൂ ഉത്തരവിലെ സർവ്വേ നമ്പറിലെ വ്യതിയാനത്തെ തുടർന്ന് ആവശ്യമായി വന്ന പുതുക്കിയ റവന്യൂ ഉത്തരവിനുള്ള അപേക്ഷ 04/06/2025 തീയതിയിലും പിന്നീട് ഓർമ്മക്കുറിപ്പ് 08/09/2025 തീയതിയിലും സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളതായി പാലക്കാട് സ്പെഷ്യൽ തഹസിൽദാർ (കിഫ്ബി) അറിയിച്ചതായും സാമൂഹിക ആഘാത പഠനവും പൊതുജനാഭിപ്രായവും പൂർത്തീകരിച്ചിട്ടുള്ളതായും KRFB അറിയിച്ചിട്ടുണ്ട്.<br>പ്രസ്തുത റോഡിന്റെ ഭൂമിയേറ്റെടുക്കൽ നടപടിക്രമങ്ങൾ മാത്രം കിഫ്ബി പദ്ധതിയിൽ പൂർത്തിയാക്കാൻ നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ടി റോഡ് പരിപാലനത്തിനായി കെ.ആർ.എഫ്.ബി - പി.എം.യു |

| | | | |
|---|---|---|---|
| | | | പാലക്കാട്/മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പൊതുമരാമത്ത് വകുപ്പ് പാലക്കാട് റോഡ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലേക്ക് 15.02.2025-ന് തിരികെ നൽകിയിട്ടുള്ളതാണ് എന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ